പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 575 — 27.2.2018 -ൽ മറുപടിയ്ക്ക്

# വിനോദസഞ്ചാരവ്യവസായം വികസിപ്പിക്കാനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ. കെ. ബാബു : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാന സമ്പദ്ഘടനയിൽ സുപ്രധാന പങ്ക് വഹിക്കുന്ന വിനോദസഞ്ചാര വ്യവസായം കൂടുതൽ ആഭ്യന്തര - വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാവുന്ന വിധത്തിൽ വികസിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന വ്യവസായവികസന തന്ത്രം അറിയിക്കാമോ ; | എ) | ആഭ്യന്തര - വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വ്യവസായം ഏറെ ആവശ്യപ്പെടുന്ന അടിസ്ഥാന സൗകര്യ വികസനത്തിനും നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനും വേണ്ട പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് വരുന്നു. ഇതിനനുസൃതമായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി, ഗ്രീൻ കാർപ്പറ്റ് പദ്ധതി, ആർ.റ്റി.മിഷൻ, അഡ്വഞ്ചർ ടൂറിസം പദ്ധതികൾ, ഇക്കോ ടൂറിസം പദ്ധതികൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധ ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നതോടൊപ്പം ജനകീയ പങ്കാളിത്തത്തോടെയുള്ള വള്ളംകളികൾ, സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. കൂടുതൽ ആധുനിക രീതിയിലുള്ള വിപണന തന്ത്രവും, സോഷ്യൽ മീഡിയ, ഇലക്ട്രോണിക്സ് മീഡിയ, അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചാരണം, ഇന്ത്യയ്ക്കകത്തും, വിദേശ രാജ്യങ്ങളിലുമുള്ള റോഡ് ഷോ, ടൂറിസം മേളകൾ സംഘടിപ്പിക്കുക, രാജ്യത്തിനകത്തും പുറത്തും സംഘടിപ്പിക്കപ്പെടുന്ന മേളകളിലെ പങ്കാളിത്തം എന്നിവ വഴി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള തന്ത്രങ്ങൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നുണ്ട്.<br><br>കൂടാതെ ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവേദ കേന്ദ്രങ്ങൾ, റസ്റ്റാറന്റുകൾ എന്നീ ടൂറിസം |

(..2)

| | | | |
|---|---|---|---|
| | | | മേഖലയിലെ സ്വകാര്യ സേവന ദാതാക്കൾക്ക് ക്ലാസിഫിക്കേഷൻ നൽകുകയും അവയുടെ വിപണന സാധ്യതകൾക്ക് വേണ്ട സഹായങ്ങൾ ചെയ്യുക വഴിയും കൂടുതൽ ജനകീയ പങ്കാളിത്തം ടൂറിസം മേഖലയിൽ ഉറപ്പാക്കാൻ ശ്രമിച്ചുവരുന്നു. |
| ബി) | വിനോദസഞ്ചാരം ഏതാനും കേന്ദ്രങ്ങളിലേക്ക് മാത്രമായി പരിമിതപ്പെടുത്താതെ സാധ്യതക്കനുസരിച്ച് അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങളെ സുരക്ഷിത സ്ഥാനങ്ങളാക്കി മാറ്റുന്നതിനും ഉള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | ബി) | *വകുപ്പ് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി* ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനു പുറമെ ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിയും ഇതിന് അനുസരിച്ചുള്ളതാണ്. സുരക്ഷിതത്വത്തിന്റെ ഭാഗമായി ബോധവത്ക്കരണം, പോലീസ് എയ്ഡ് പോസ്റ്റ്, ലൈഫ് ഗാർഡുകളുടെ സേവനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, ബോധവത്ക്കരണം എന്നിവയും ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. |
| സി) | വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിനും വിവിധ കേന്ദ്രങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി, വിനോദസഞ്ചാര വകുപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, ബോധനത്ക്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം എന്നിവയും ഇതിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കി വരുന്നു. ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ ഇതിന്റെ ഭാഗമായിട്ടുള്ളതാണ്.<br>മാലിന്യ നിയന്ത്രണ ലക്ഷ്യത്തിലേക്കായി ടൂറിസം വകുപ്പ് അത്യാവശ്യമെന്ന് കണ്ടെത്തിയ ചില ടൂറിസം കേന്ദ്രങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിനോദസഞ്ചാര മേഖലയുടെ പ്രാധാന്യവും, വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകളുടെ വിപുലീകരണവും, ഗതാഗത സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികളും വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള സ്വദേശ് ദർശൻ,പ്രസാദ് പദ്ധതികൾ ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ |

| | | | |
|---|---|---|---|
| | | | ബന്ധിപ്പിക്കുന്നതിനുള്ള കണക്ടിവിറ്റി കൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. <br> കേരളത്തിലെ തെരഞ്ഞെടുത്ത 79 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വകുപ്പ് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ മാലിന്യ സംസ്കരണവും, ശുചീകരണവും ഒരു മുഖ്യ ലക്ഷ്യമാണ്. |

സെക്ഷൻ ഓഫീസർ